# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2492 — 12.03.2020-ലെ മറുപടി

## വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക അടിത്തറ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ്<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.വി. അബ്ദുറഹിമാൻ<br>,, വി. കെ. സി. മമ്മത് കോയ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് കിലോ ലിറ്ററിന് ഇരുപത്തിനാല് രൂപ വരുന്ന കുടിവെള്ളം പത്ത് രൂപയിൽ താഴെ മാത്രം ഈടാക്കി നഗര ഗ്രാമ പ്രദേശങ്ങളിലെ ജനങ്ങൾക്ക് പൈപ്പിലൂടെ എത്തിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ; | (എ) | വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വെള്ളക്കരം പരമാവധി പിരിച്ചെടുക്കുന്നുണ്ട്. കുടിവെള്ള പദ്ധതികളുടെ റിങ്ങ് ഫെൻസ്ഡ് അവലോകനത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽ നിന്നുള്ള വരവ്-ചിലവ് താരതമ്യപഠനവും നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റവന്യൂ വർദ്ധിപ്പിക്കുന്നതിനായി ഡിവിഷൻ തലത്തിൽ കണക്ഷനുകൾക്കനുസൃതമായി റവന്യൂ ടാർജറ്റുകൾ നൽകിയിട്ടുണ്ട്. ഇത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിങ്ങുകൾ നടത്തുന്നുണ്ട്. |
| (ബി) | ഇരുപത്തിയാറ് ലക്ഷം ഗാർഹിക കണക്ഷനുകൾക്ക്പുറമെ രണ്ടുലക്ഷം പൊതു ടാപ്പുകൾ നിലനിർത്തുന്ന കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ വിടവ് കുറയ്ക്കാൻ ഉപയുക്തമായ കുപ്പിവെള്ള പദ്ധതി വാട്ടർ അതോറിറ്റിയിൽത്തന്നെ നിലനിർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) & (സി) | ഇല്ല. സ്വകാര്യ കമ്പനികൾ വിപണിയിൽ വിറ്റഴിക്കുന്ന ചില കുപ്പിവെള്ള സാമ്പിളുകളുടെ ഗുണമേന്മയെക്കുറിച്ച് പരാതികൾ ഉയർന്നതിനാൽ ജനങ്ങളുടെ ആരോഗ്യത്തെ വളരെ സാരമായി ബാധിയ്ക്കാൻ സാധ്യതയുള്ള കുപ്പിവെള്ള വിപണന മേഖലയിൽ സർക്കാരിൻേതായ ഇടപെടലുകൾ നടത്തി ഗുണമേന്മ ഉറപ്പ് വരുത്തേണ്ടതുണ്ട് . നിലവിൽ, സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2025-ഓട് കൂടി കുടിവെള്ളമെത്തി ക്കുന്നതിനുള്ള ബൃഹത്ത് പദ്ധതിയായ ജൽ ജീവൻ മിഷൻ പദ്ധതി കൂടാതെ KIIFB, ADB, നബാർഡ് , സംസ്ഥാന സർക്കാർ നൽകിയ ഭരണാനുമതികൾ എന്നിവ ഉൾപ്പെടുന്ന |
| (സി) | 2500 കോടി രൂപയോളം വരുന്ന കുപ്പിവെള്ള മാർക്കറ്റ് സ്വകാര്യ കുപ്പിവെള്ള കമ്പനികൾ ചൂഷണത്തിനുപാധിയാക്കി മാറ്റിയിട്ടുള്ളതിനാൽ വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതി | | |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | എത്രയും വേഗം പ്രായോഗികമാക്കുന്നതിന് നടപടിയെടുക്കുമോ; വിശദവിവരം നൽകാമോ? | | ഏകദേശം 9000 കോടി രൂപയുടെ കുടിവെള്ള/ സ്വീവറേജ് പദ്ധതികൾ നടപ്പിലാക്കേണ്ട ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിയ്ക്കുണ്ട് . മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് വരൾച്ച കൊണ്ടുള്ള കുടിവെള്ള ക്ഷാമം ഒഴിവാക്കുന്നതിനും സർക്കാർ നൽകേണ്ട അവശ്യസേവനമായ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയ്ക്ക് മുൻഗണന നൽകികൊണ്ട് 28.02.2020-ലെ സർക്കാർ ഉത്തരവ് (കൈ)നം. 17/2020/ജ.വി.വ പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി കുപ്പിവെള്ള പ്ലാന്റ് KIIDC-ന് കൈമാറുന്നതിന് ഉത്തരവായിട്ടുണ്ട് . |

**സെക്ഷൻ ഓഫീസർ**